9. ജില്ലയിലെ സഹകരണ സംഘങ്ങളിലൂടെ മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കി, മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും.

10. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കണ്ടുപഠിക്കുന്നതിനായി മികവ് കൈമാറ്റ സന്ദർശന പരിപാടി ജില്ലയിലും നടപ്പിലാക്കും.

11. സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കും.

12. ജില്ലയിലെ ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി സ്റ്റോറുകൾ (നീതി മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെ), നന്മ സ്റ്റോറുകൾ, നീതി ഗ്യാസ് എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്/വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

(ബി) സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററുകളിലൂടെ ജൈവ കാർഷിക പദ്ധതി വയനാട് ജില്ലയിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ഉത്സവകാലത്ത് സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കാൻ നടപടി

87 (7923) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലൂടെ സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വില്പന നടത്തുവാൻ സ്ഥിരം സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) റംസാൻ, കർക്കിടകവാവ്, ഓണം തുടങ്ങിയ ആഘോഷങ്ങളും ചടങ്ങുകളും മുൻപിൽകണ്ട് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക വില്പനശാലകൾ ആരംഭിക്കുവാൻ സർക്കാർ പരിപാടിയുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിലൂടെ സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ നേരിട്ട് വിൽപ്പന നടത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് ഇപ്പോൾ ലക്ഷ്യമിട്ടിട്ടില്ല. എന്നാൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നതും സഹകരണ സംഘങ്ങൾ മുഖേന നടത്തി വരുന്നതുമായ നന്മ സ്റ്റോറുകളിൽ സ്ഥിരമായി പൊതു വിപണിയിൽ നിന്നും 20% വരെ വിലക്കുറച്ച് 10 ഇനം അവശ്യസാധനങ്ങൾ വിപണനം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റംസാൻ, ഓണം തുടങ്ങിയ ഉത്സകാലങ്ങളിൽ കഴിഞ്ഞ എട്ട് വർഷങ്ങളായി സബ്സിഡി വിപണന മേളകൾ സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഈ വർഷവും റംസാൻ, ഓണം കാലങ്ങളിൽ വിപണന മേളകൾ നടത്തുന്നതിനുള്ള നടപടികൾ കൺസ്യൂമർഫെഡറേഷൻ സ്വീകരിച്ചിട്ടുണ്ട്.

സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

88 (7924) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എത്ര എണ്ണം പുതുതായി ആരംഭിച്ചു ; വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ജില്ലയിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ എത്ര എണ്ണം എവിടെയെല്ലാം പ്രവർത്തിക്കുന്നു ; വ്യക്തമാക്കുമോ ;

(സി) ഒരു സഞ്ചരിക്കുന്ന ത്രിവേണിസ്റ്റോർ ആരംഭിക്കുന്നതിന് കൺസ്യൂമർഫെഡിന് എന്ത് തുക ചെലവാകും ; സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ ശരാശരി വിറ്റുവരവ് എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3 സഞ്ചരിക്കുന്ന ത്രിവേണികൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 139 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളാണ് പുതുതായി ആരംഭിച്ചത്.

(ബി) ആലപ്പുഴ ജില്ലയിൽ താഴെ വിവരിച്ചിട്ടുള്ള പ്രകാരം ഒൻപത് സഞ്ചരിക്കുന്ന ത്രിവേണികളാണ് പ്രവർത്തിക്കുന്നത്.

ക്രമ നമ്പർ	സഞ്ചരിക്കുന്ന ത്രിവേണികൾ പ്രവർത്തിക്കുന്ന സ്ഥലം
(1)	(2)
1	അരൂർ
2	ചേർത്തല
3	ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly